(സി) അത്യാഹിത വിഭാഗം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ട്രോമാ കെയർ സെന്റർ പണി പൂർത്തിയായി വരുന്നു. ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജ് സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. കാമ്പസിലെ റോഡുകളുടെയും അഴുക്കുചാലുകളുടെയും പുനർനിർമ്മാണം നടന്നു വരുന്നു.

(ഡി) ഇപ്പോൾ തന്നെ ഇ.എൻ.ടി. പി.ജി. കോഴ്സുകൾ നടത്തുന്നുണ്ട്.

(ഇ) ഭൂമി ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) 1.37 കോടി രൂപ ചെലവു വരുന്ന കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കാനുദ്ദേശിക്കുന്നു. ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

നെടുമ്പന ടി.ബി. ആശുപത്രിയെ ജില്ലാ ടി.ബി. ആശുപത്രിയാക്കാൻ നടപടി

138 [1614] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പന ടി. ബി. ആശുപത്രിയുടെ വികസനത്തിനുവേണ്ടി നൽകിയിട്ടുള്ള നിവേദനങ്ങൾക്കുമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നെടുമ്പന ടി.ബി. ആശുപത്രിയെ ജില്ലാ ടി.ബി. ആശുപത്രിയായി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുമ്പന ടി.ബി. ആശുപത്രി കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തുകയും ഒഴിവുള്ള തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നടപടികൾ പരിഗണനയിലാണ്.

ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

139 [1615] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 17-10-1996 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 342/96/ആകുവ പ്രകാരം വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വന്നു. 1999-ൽ ഇതു തിരുവിതാംകൂർ-കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 പ്രകാരം സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തു. ആലപ്പുഴ മെഡിക്കൽ കോളേജിലെ, മൈക്രോബയോളജി വിഭാഗവുമായി ബന്ധപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ പ്രവർത്തനം ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനായി ഈ വർഷം ഒരു കോടി രൂപ ഉപധനാഭ്യർത്ഥന വഴി അനുവദിച്ചു. ഒരു പ്രോജക്ട് ഡയറക്ടറെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി ആന്റ് സി) ആലപ്പുഴ മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിനായി ആലപ്പുഴ മെഡിക്കൽ കോളേജ് കാമ്പസിനുള്ളിൽ 8 എക്കർ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രോജക്ട് ഡയറക്ടറുടെ ഒഴിവിൽ സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മെഡിക്കൽ കോളേജ് കാമ്പസിൽ സ്വന്തമായ കെട്ടിട സൗകര്യം പൂർത്തിയാകുന്നതുവരെ സൗകര്യപ്രദമായ മറ്റൊരു വാടകക്കെട്ടിടത്തിലേക്ക് ഇൻസ്റ്റിറ്റ്യൂട്ട് മാറ്റി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശത്തിൻമേലും നടപടി സ്വീകരിച്ചുവരുന്നു.

വണ്ടാനത്തെ ആശുപത്രി കെട്ടിടം പണി

140 [1616] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിക്കുവേണ്ടി വണ്ടാനത്ത് ഏതെല്ലാം കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(ബി) ആശുപത്രി പ്രവർത്തനങ്ങൾ വണ്ടാനത്തേക്ക് മാറ്റാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly